(ബി) ഫിഷ് മെയ്ഡ് ഉല്പന്നങ്ങളുടെ പ്രൊഡക്ഷൻ നടത്തുന്നതിനുവേണ്ടി കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ മത്സ്യ ത്തൊഴിലാളി സ്ത്രീകൾക്ക് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കൊല്ലത്തുള്ള പ്രൊഡക്ഷൻ സെന്ററിൽ വച്ചു ട്രെയിനിംഗ് നൽകി. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളെ ഉൾപ്പെടുത്തി മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതുവഴി മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നു. HACCP നിബന്ധനകൾ കർശനമായി പാലിച്ച് സംസ്കരണം, പാക്കിംഗ്, ട്രാൻസ്പോർട്ട് തലങ്ങളിൽ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്ത് ഉൽപ്പന്നത്തിന്റെ മൂല്യവും ഗുണമേന്മയും ഉറപ്പാക്കി അവ ഉപഭോക്താവിന്റെ കൈകളിൽ എത്തിക്കുക എന്നതാണ് മുഖ്യലക്ഷ്യം.

(സി) കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെയാണ് തീരദേശ വികസന കോർപ്പറേഷൻ മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുത്ത് വിപണിയിൽ എത്തിക്കുന്നത്.

(ഡി) തീരദേശ വികസന കോർപ്പറേഷൻ മുഖേന വികസിപ്പിച്ചെടുക്കുന്ന മൂല്യവർദ്ധിത മത്സ്യഉല്പന്നങ്ങൾ "ഫിഷ് മെയ്ഡ്" ഔട്ട്ലെറ്റുകളിലൂടെയാണ് വിപണനം ചെയ്യുന്നത്. പ്രസ്തുത ഉല്പന്നങ്ങളുടെ വിപണനത്തിനായി തീരദേശ വികസന കോർപ്പറേഷൻ വിവിധ ട്രേഡ് ഫെയറുകൾ, ഇന്റർനാഷണൽ അക്വാഷോ തുടങ്ങിയ പരിപാടികളിൽ സ്റ്റാളുകൾ സ്ഥാപിച്ച് വിപണനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിപുലമായ മാർക്കറ്റിംഗ് ശൃംഖല രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ദേശീയ മത്സ്യ വികസന ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

മാരികൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ

87 (4422) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാരികൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

(എ) ഉണ്ട്.

(ബി) ലോകത്തിലെ കപ്പൽ വ്യവസായ ഗതാഗത മേഖലയിൽ വർദ്ധിച്ചു വരുന്ന തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടിയും അതുവഴി കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനുമായി അന്താരാഷ്ട്ര നിലവാരമുള്ള മാരിടൈം കോഴ്സുകൾ നടത്തുക എന്നതാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഉദ്ദേശ്യലക്ഷ്യം.

(സി) തുറമുഖ വകുപ്പ്, തുറമുഖ വകുപ്പിന്റെ കീഴിലുള്ള കേരള മാരിടൈം സൊസൈറ്റി, ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി, കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളിലൂടെ നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്ന കോഴ്സുകൾക്ക് അംഗീകാരം നൽകുന്ന ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് എന്നിവരാണ് ഇതുമായി സഹകരിക്കുന്നത്.

(ഡി) കേരളത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിനായി തുറമുഖ വകുപ്പിൻ കീഴിൽ കേരള മാരിടൈം സൊസൈറ്റി രൂപീകരിച്ചു. നീണ്ടകരയിൽ 36 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം നടന്നുവരുന്നു. കൊടുങ്ങല്ലൂരിൽ 10 കോടി രൂപ ചെലവിൽ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സബ്സെന്റർ പുതുതായി നിർമ്മിച്ചിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി റോഡ് ഷോ

88 (4423) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മുബൈയിൽ റോഡ് ഷോ നടത്തുകയുണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് നടത്തിയത് ;

(സി) എന്തിനുവേണ്ടിയാണ് ഇത് നടത്തിയത് ;

(ഡി) ആരെല്ലാമാണ് സംസ്ഥാന ഗവൺമെന്റിനെ പ്രതിനിധീകരിച്ച് പ്രസ്തുത പരിപാടിയിൽ പങ്കെടുത്തത് ;

(ഇ) ഗവൺമെന്റ് പ്രതിനിധികളെ കൂടാതെ ആരെല്ലാം പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി ;

(എഫ്) ഇതിന്റെ സംഘാടന രീതി എങ്ങനെയായിരുന്നു ;

(ജി) പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി എത്ര തുക ചെലവഴിക്കുകയുണ്ടായി ; വിശദമാക്കാമോ ?